നം.ഇ.എക്സ്./സിജിഎൽ2/53000/2025/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം -12
തീയതി : 01/10/2026

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - പരീക്ഷാഭവൻ - കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (K.TET) - ഡ്യൂപ്ലിക്കേറ്റ് ഹാൾ ടിക്കറ്റ് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 2012 വർഷം മുതലുള്ള കെ-ടെറ്റ് പരീക്ഷകൾ.

*************

കെ-ടെറ്റ് പരീക്ഷ കഴിഞ്ഞതിന് ശേഷം തുടർന്നുള്ള യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പരിശോധനയ്ക്കും കെ-ടെറ്റ് സർട്ടിഫിക്കറ്റ് കൈപ്പറ്റുന്നതിനും ഹാൾടിക്കറ്റ് നിർബന്ധമാണ്. വിവിധ കാരണങ്ങളാൽ ഹാൾടിക്കറ്റ് നഷ്ടപ്പെടുന്ന പരീക്ഷാർത്ഥികൾ ഡ്യൂപ്ലിക്കേറ്റ് ഹാൾ ടിക്കറ്റ് ലഭിക്കുന്നതിനായി പരീക്ഷാ ഭവനിൽ അപേക്ഷ സമർപ്പിക്കുന്ന രീതിയാണ് നിലവിലുള്ളത്. ആയതിനാൽ പരീക്ഷാർത്ഥികൾക്ക് വെരിഫിക്കേഷൻ നടത്തുന്നതിനും സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുന്നതിനും കാലതാമസം നേരിടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിച്ച് DEO Section Login-ൽ നിന്നും ഡ്യൂപ്ലിക്കേറ്റ് ഹാൾ ടിക്കറ്റ് വിതരണം ചെയ്യാവുന്ന രീതിയിൽ വെബ്സൈറ്റിൽ ക്രമീകരിച്ചിട്ടുണ്ട്. ഡ്യൂപ്ലിക്കേറ്റ് കെ-ടെറ്റ് ഹാൾ ടിക്കറ്റിന് അപേക്ഷ സമർപ്പിക്കേണ്ട വിധം ചുവടെ ചേർക്കുന്നു.

- **0202-01-102-92-Other Receipts എന്ന ശീർഷകത്തിൽ 100/- രൂപ ട്രഷറിയിൽ ഒടുക്കിയ അസ്സൽ ചെല്ലാൻ (ഓരോ കാറ്റഗറിയ്ക്കും 100/- രൂപ വീതം)**
- **കെ-ടെറ്റ് റിസൽട്ടിന്റെ/അപേക്ഷയുടെ പകർപ്പ് (ആപ്ലിക്കേഷൻ നമ്പർ/റോൾ നമ്പർ, കാറ്റഗറി എന്നിവ നിർബന്ധമാണ്).**
- **സ്വയം തയ്യാറാക്കിയ അപേക്ഷ.**
- **തപാൽ മാർഗ്ഗം ലഭിക്കുന്നതിന്-സ്വന്തം വിലാസം എഴുതിയ മതിയായ സ്റ്റാമ്പ് പതിപ്പിച്ച കവർ.**

2012 മുതൽ 2017 വരെയുള്ള വർഷങ്ങളിലെ ഡ്യൂപ്ലിക്കേറ്റ് ഹാൾടിക്കറ്റ് ലഭിക്കുന്നതിന് ആപ്ലിക്കേഷൻ നമ്പർ, ഐ.ഡി നമ്പർ എന്നിവ നിർബന്ധമാണ്. ആയത് ലഭിക്കുന്നതിന് ktetpbhelpdesk@gmail. com, pareekshabhavancgl@gmail.com എന്നീ ഇ-മെയിൽ വിലാസത്തിൽ മെയിൽ ചെയ്യാവുന്നതാണ്.

സെക്രട്ടറി

സ്വീകർത്താവ്

1) എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും.
2) സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്)